## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

28.2.2018 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 840

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

**ചോദ്യം**

ശ്രീ. എം. ഉമ്മർ
,, വി.കെ. ഇബ്രാഹിം കുഞ്ഞ്
,, മഞ്ഞളാംകുഴി അലി
ഡോ. എം. കെ. മുനീർ

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ കുറഞ്ഞു വരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) വ്യാപകമായ കരാർ, ദിവസ വേതന നിയമനങ്ങൾ എംപ്ലോയ്മെന്റ് നിയമനങ്ങളെ ബാധിച്ചിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചു വഴിയുള്ള & നിയമനങ്ങൾ കൂടുന്നതായാണ്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ട് പ്രകാരം എല്ലാ ഉദ്യോഗദായകരും അവരവരുടെ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിർബന്ധമായും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ് എന്നിരുന്നാലും പല സ്ഥാപന മേധാവികളും അവരുടെ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ താൽക്കാലിക നിലയ്ക്ക് കരാർ/ ദിവസവേതന നിയമനങ്ങൾ നടത്തുന്ന രീതി വർഷങ്ങളായി തുടർന്നുവരുന്നു. എംപ്ലോയ് മെന്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ട് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ

പരിശോധന നടത്തുകയും അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ച് വിട്ട് നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന കർശന നിർദ്ദേശം നൽകുകയും അത് പ്രകാരം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇതിലൂടെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം തൊഴിൽരഹിതരായവർക്ക് പ്രയോജനകരമായ രീതിയിൽ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഡി) തൊഴിൽരഹിതർക്ക് പ്രയോജനകരമായ രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ നാല് ഘടകങ്ങളുണ്ട്. 1) വൊക്കേഷണൽ & കരിയർ ഗൈഡൻസ് 2) കപ്പാസിറ്റി ബിൽഡിങ് 3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം 4) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി. ഇവയിൽ ഒന്നോ ഒന്നിലധികമോ ഘടകങ്ങളിലൂടെ ഭിന്നശേഷിക്കാരെ സ്വന്തമായി തൊഴിൽ നേടാൻ സഹായിക്കുകയും അതുവഴി സ്വയംപര്യാപ്തമായ ജീവിതത്തിന് പ്രാപ്തരാക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രാദേശികമായി ഉണ്ടാകുന്ന വിദഗ്ധ/ അവിദഗ്ധ തൊഴിലവസരങ്ങൾ അതാത് പ്രദേശത്തെ വിദഗ്ധ/ അവിദഗ്ധ തൊഴിലാളികൾക്കും അന്തർ സംസ്ഥാന തൊഴിലാളികൾക്കും ഉപയോഗപ്പെടുത്താൻ സഹായിക്കുന്ന ഒരു മോബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്ന പദ്ധതി 2018-19 വാർഷിക പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി യഥാർത്ഥ്യമാകുന്ന മുറയ്ക്ക് മേൽ പറഞ്ഞ ജോലികൾ ഇടനിലക്കാരില്ലാതെ തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാകുന്നതിന് സാധ്യമാകുന്നതാണ്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂളുകൾ ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും .തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെയും വിദ്യാർത്ഥികളെയും ഉദ്ദേശിച്ച് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമായിരിക്കും കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി) . ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി , രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ നിർദേശങ്ങളും നൽകി രാജ്യത്തിലെ വർദ്ധിച്ചു വരുന്ന

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിലന്വേഷകരെ അവരുടെ അഭിരുചിക്കനുസരിച്ചും യോഗ്യതയ്ക്കനുസരിച്ചും കഴിവുള്ളതും മികച്ചതുമായ തൊഴിൽദായകരുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് രൂപം കൊടുത്ത പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. കരിയർ കൺസൾട്ടൻസി, സ്കിൽ ഗ്യാപ് അനാലിസിസ്, നൈപുണ്യ പരിശീലനങ്ങൾ നൽകുകയും, തൊഴിൽ നൈപുണ്യം നേടിയവർക്ക് അർഹമായ ജോലി നേടിയെടുക്കുന്നതിനായി തൊഴിൽ മേളകൾ, ജോബ് ഡ്രൈവുകൾ സംഘടിപ്പിക്കൽ വഴിയും സ്വകാര്യമേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്രദമാകുന്നുണ്ട്.

കൂടാതെ താഴെപ്പറയുന്ന സ്വയംതൊഴിൽ പദ്ധതികളും സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്നുണ്ട്.

1) <u>കെസ്റു:-</u>

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം 1,00,000/ രൂപയിൽ കവിയാത്തതും, 21-നും 50-നും ഇടയിൽ പ്രായമുള്ള എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് കെസ് റു വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വരെ വായ്പ ലഭിക്കുന്ന ഈ പദ്ധതിയിൽ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. 1999-ൽ തുടങ്ങിയ ടി പദ്ധതിയിൽ വായ്പ, തിരിച്ചടവ്, പലിശ തുടങ്ങിയ കാര്യങ്ങൾ ധനകാര്യ സ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും.

2) <u>മൾട്ടിപർപ്പസ് സർവീസ് സെന്റർ /ജോബ് ക്ലബ്:-</u>

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ

പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത, 21-നും 45-നും ഇടയിൽ പ്രായമുള്ള (പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവ് ഉണ്ടായിരിക്കുന്നതാണ്) ഒന്നിൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ് വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തിരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിനു പരമാവധി പത്തു ലക്ഷം രൂപ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി രണ്ടു ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നതാണ്.

3) **ശരണ്യ:-**

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ് മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ

ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു. 50,000/- രൂപയും മുകളിലുമുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

**<u>നവജീവൻ:-</u>**

മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പ് വരുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതിയാണ് 'നവജീവൻ'. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ, സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള പൗരന്മാർക്ക്, അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. മുതിർന്ന പൗരന്മാർ, അവരുടെ കുടുംബത്തിനും സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ കരട് ചട്ടം സർക്കാർ പരിശോധിച്ച് വരുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ